# യോഹന്നാൻ അപ്പോസ്തലൻ

**പാഠഭാഗം:** മത്തായി 4:21, 17:1, 20:20 മർക്കോസ് 1:19,20,29, 14:13, 3:14-17, 9:38, 20:35-37 ലൂക്കൊ. 5:10, 9:49 യോഹ. 13:23 16:36, 20:2, 21:7-20 പ്രവൃത്തി 1:13, 3:1 4 മുതൽ 6 വരെ അദ്ധ്യായം ഗലാ. 2:9, വെളി. 1:9,10,11

**ലക്ഷ്യം:** യോഹന്നാന്റെ ഒരു സമ്പൂർണ്ണ ചരിത്രം സുഗ്രഹമാക്കുക. സ്ഥലകാലങ്ങൾ മനസിലാക്കുക. യോഹന്നാൻ യേശുവിനെ അനുസരിച്ചനുഗമിച്ചതു പോലെ നാമും അനുസരിച്ച് അനുഗമിച്ചാൽ അനുഗ്രഹീതരാകും. വിശ്വസ്തതയോടുകൂടി ജീവിതാന്ത്യം വരെ കർത്തൃസേവ ചെയ്യുക.

**പ്രാരംഭം:** യേശുവിന്റെ 12 അപ്പോസ്തലന്മാർ ആരെല്ലാം? അപ്പോസ്തലന്മാരെ തിരഞ്ഞെടുക്കുമ്പോൾ അവർ ഏതെല്ലാം തൊഴിൽക്കാരായിരുന്നു. അപ്പോസ്തലന്മാരിൽ ഏറ്റം പ്രായം കുറഞ്ഞ ആൾ ആരാണ്? കർത്താവ് ഏറ്റം സ്നേഹിച്ച ശിഷ്യൻ എന്ന് അറിയപ്പെട്ടയാൾ ആരാണ്? ഈ അപ്പോസ്തലനെക്കുറിച്ച് കൂടുതൽ നമുക്ക് പഠിക്കാം.

**ജനനം - ബാല്യം**

ഗലീലക്കടലിന്റെ പടിഞ്ഞാറു തീരത്തുള്ള ഒരു ഗ്രാമമാണ് ബത്ത്സയിദ-മീൻപിടുത്തക്കാരന്റെ ഭവനം എന്നതിന് പേരുണ്ട്. അവിടെയുള്ള സാമാന്യം ഭേദപ്പെട്ട ഒരു കുടുംബമാണ് സെബലൂൻ ഗോത്രക്കാരനായ സെബദിയുടേത്. അദ്ദേഹത്തിന്റെ തൊഴിലും ആ ഗ്രാമത്തിലുള്ള മറ്റുള്ളവരെപ്പോലെ മത്സ്യബന്ധനം തന്നെയായിരുന്നു. തനിക്ക് പണി ചെയ്യുന്നതിന് കൂലിക്കാരും സ്വന്ത പടകു (വള്ളം) കളും വലയും ഉണ്ടായിരുന്നു. (സെബദി-ദൈവത്തിന്റെ ദാനം) സെബദിയുടെ ഭാര്യയ്ക്ക് ശലോമി എന്ന് പേര്. ശലോമോൻ എന്നതിന്റെ സ്ത്രീലിംഗ രൂപമാണിത്. ശലോമി എന്നതിന് - സമാധാനപ്രിയ എന്നർത്ഥമാണ്. ഇവൾക്ക് യേശുവിന്റെ മാതാവായ മറിയമിനോട് അടുത്ത ബന്ധമുണ്ട് എന്നു വിചാരിക്കുന്നു. സെബദിയുടെയും ശലോമിയുടെയും പുത്രന്മാരിൽ ഒരുവനാണ് യോഹന്നാൻ. ഇവന്റെ സഹോ

# Apostle JOHN

**Objective:** To understand the full history of John, the time and place where he lived, to follow Jesus as John followed and to be blessed like him. To do God's work faithfully till the end.

**Portions to read:**Matt, 4:21; 17:1; 20:20; Mark 1:19, 20, 29; 14:13; 3:14-17; 9:38; 20:35-37; Luke 5:10; 9:49; John 13:23; 16:36; 20:2; 21:7-20; Acts 1:13;3:1; chaps 4-6; Gal. 2:9; Rev. 1:9-11.

**Introduction**: Who were the 12 apostles of Jesus? Why did he elect them? What were the professions of the different apostles? Who was the youngest among them? Whowas the disciple who Jesus loved? Here, we will learn about this disciple.

**Birth and Childhood:**

Bethsaida was a village at the western coast of the Sea of Galilee. It is known as 'the house of fishing'. Zebedee's family (belonging to the tribe of Zebulun) was an economically sound house in Bethsaida. Zebedee was a fisherman just like all others in the village. He had his own servants, boats and nets. (Zebedee means 'God's gifts'). Zebedee's wife was Salome, which is the feminine form of Solomon, meaning 'loving peace'. She is believed to have a close relationship Jesus's mother, Mary. Zebedee and Salome had many sons. John was one of them and

ദരനാണ് യാക്കോബ്. യോഹന്നാൻ എന്ന പദത്തിന്റെ അർത്ഥം ദൈവം കരുണയുള്ളവൻ എന്നത്രേ. ഈ പുത്രന്മാർ മാതാപിതാക്കളുടെ പ്രത്യേക പരിപാലനത്തിൽ വളർന്നു വന്നു. യെഹൂദയിൽ അക്കാലത്ത് ഉണർവ്വ് പ്രസംഗം നടത്തിയിരുന്ന സ്നാപക യോഹന്നാനാൽ ശിഷ്യത്വം സ്വീകരിച്ച് ദൈവീകകാര്യങ്ങളിൽ ശ്രദ്ധാലുക്കളായും ഉപജീവനത്തിനായി പിതാവിനോടൊത്ത് ഗലീലാക്കടലിൽ മീൻ പിടിച്ചും പോന്നു.

**യേശു യോഹന്നാനെ തിരഞ്ഞെടുക്കുന്നത്. മർക്കോ. 1:16,20 മത്തായി 4:21,22**

അന്ത്രെയോസ്, പത്രോസ് ഇവരെ യേശു ഗലീലാക്കടപ്പുറത്തുവച്ച് വിളിച്ച് തന്റെ അനുയായികളാക്കി, ഇവിടെ നിന്നും കടൽത്തീരത്തുകൂടി കുറെ മുൻപോട്ട് യേശു യാത്ര ചെയ്തപ്പോൾ യാക്കോബും യോഹന്നാനും പിതാവായ സെബദിയോടും കൂലിക്കാരോടും കൂടെ മീൻ പിടുത്തം കഴിഞ്ഞ് പടകിൽ ഇരുന്ന് വല നന്നാക്കുന്നതു കണ്ടു. കണ്ട മാത്രയിൽ തന്നെ യേശുവിന് തന്റെ സുവിശേഷ പ്രചരണത്തിനുള്ള ഉത്തമ വ്യക്തികളായി അവരെ ബോധിച്ചിരിക്കും. അതിന്റെ തന്റെ പിന്നാലെ ചെല്ലുവാൻ യേശു അവരോട് ആജ്ഞാപിച്ചു. അവർ ഉടൻ തന്െ എല്ലാം ഉപേക്ഷിച്ച് യേശുവിനെ അനുഗമിച്ചു. ചോദ്യം ചെയ്യാതെ യേശുവിന്റെ വിളിയനുസരിച്ച് തന്നെ അനുഗമിക്കുന്നവരാണ് അനുഗ്രഹീതരാകുന്നത്. യേശുവിന്റെ ആദ്യ തിരഞ്ഞെടുപ്പിലും അനന്തരം പന്ത്രണ്ട് അപ്പോസ്തലന്മാരെ തിരഞ്ഞെടുത്തതതിലും യോഹന്നാൻ ഉൾപ്പെട്ടിരുന്നു. (മർക്കോ. 3:12-19) കർത്താവ് ഇവരുടെ ഭക്തിയും തീഷ്ണതയും കണ്ട് അവരെ ബോവനേർഗസ്സ് അഥവാ ഇടിമക്കൾ എന്നു നാമകരണം ചെയ്തു. ശമര്യയിൽ യേശുവിനെ കൈക്കൊള്ളാത്തവരുടെ മേൽ തീയിറക്കുവാൻ പറഞ്ഞതും (ലൂക്കോ. 9:53) ശിഷ്യന്മാരല്ലാത്തവർ യേശുവിന്റെ നാമത്തിൽ ഭൂതങ്ങളെ ഇറക്കിയത് തടയണമെന്ന് പറയുന്നതും കർത്താവിന്റെ രാജ്യത്തിൽ ഇടതും വലതും ഇരിക്കണമെന്നു പറഞ്ഞതും (മത്തായി.20:20, മർക്കോ. 10:35).അവരുടെ ഭക്തിതീഷ്ണതയ്ക്ക് ഉദാഹരണമാണ്.

**യോഹന്നാൻ യേശുവിന്റെ പ്രിയ ശിഷ്യൻ**

യേശു തന്റെ ശിഷ്യന്മാരെ തിരഞ്ഞെടുത്തു എങ്കിലും അവർ ആരംഭകാലത്ത് ചിലപ്പോഴെല്ലാം

James was his brother. 'John' means 'God is merciful'. They grew under the tender care of their parents. When the revival came due to the preaching of John the Baptist, they both became disciples of the prophet and were faithful in God's work and at the same time, helped their father with fishing.

**Jesus calls John:**
**(Mk 1:16-20, Mat. 4:21,22)**

Jesus called Peter and Andrew, when he was on the coast of the Sea of Galilee. After a short journey from there, he saw John and James, together with their father, tending their nets, sitting on a boat, after fishing. On seeing them, Jesus must have felt that these brothers were essential to the fulfilment of his mission. Jesus commanded them to follow him. They left everything and followed him immediately. Only those who follow Jesus, without questioning will be blessed. John was there in Jesus' election of disciples and also in His appointment of apostles (Mark 3:12-19). Jesus, seeing their zeal and fire for God, called them "sons of thunder" or "Boanerges". The command to call down fire upon the Samaritans who didn't accept Jesus(Luke 9:53) and the request to stop the people who were not disciples from casting off demons in Jesus' name and the desire to sit on the right and the left of Jesus's throne in His kingdom, (Mat 20:20, Mark 10:35) are all clear examples of their zeal.

**John- Jesus's dear disciple**:

Though Jesus elected his disciples, most

മറ്റു ജോലികളിലും വ്യാപൃതരായിരുന്നു. അങ്ങനെ ഒരിക്കൽ അവർ രാത്രി മുഴുവൻ മീൻ പിടിച്ചു. ഒന്നും കിട്ടാതെ പ്രഭാതത്തിൽ കരയ്ക്ക് പടകുകൾ അടുപ്പിച്ച് വല കഴുകിക്കൊണ്ടിരുന്നു. കർത്താവ് പത്രോസിന്റെ പടകിൽ കയറി ഇരുന്ന് തന്റെ അടുക്കൽ വന്ന പുരുഷാരത്തോട് പ്രസംഗിച്ച ശേഷം ആഴത്തിലേക്ക് നീക്കി വലയിറക്കുവാൻ പറഞ്ഞു. പെരുത്ത മീൻ കൂട്ടം അതലകപ്പെട്ടു. പത്രോസിന്റെ കൂട്ടാളികളായ യോഹന്നാനും യാക്കോബും ഇതു കണ്ടു സംഭ്രമം പിടിച്ചു. അനന്തരം അവർ വലയും പടകും വിട്ട് യേശുവിനെ അനുഗമിച്ചു. (ലൂക്കോ. 5:10) പത്രോസിന്റെ അമ്മാവിയമ്മയുടെ പനിയെ കർത്താവ് ശാസിച്ച് സൗഖ്യമാക്കിയപ്പോഴും യോഹന്നാൻ അടുക്കൽ ഉണ്ടായിരുന്നു. (മർക്കോ. 1:29) പള്ളി പ്രമാണിയുടെ മകളെ (യായിറോസിന്റെ മകൾ) ഉയർപ്പിക്കുവാൻ അവളുടെ അടുക്കൽ യോഹന്നാനെക്കൂടി പ്രവേശിപ്പിച്ചിരുന്നു. (മർക്കോ. 5:37) രൂപാന്തരമലയിലും കർത്താവ് യോഹന്നാനെ കൂടെ കൊണ്ടു പോയിരുന്നു (മത്തായി 17:1) ഒടുവിലത്തെ അത്താഴത്തിൽ യോഹന്നാൻ കർത്താവിന്റെ മാർവ്വോടു ചാരിയിരുന്നു. ഗദ്സമന തോട്ടത്തിൽ ശിഷ്യന്മാരിൽ നിന്നു യോഹന്നാനെയും പത്രോസിനെയും യാക്കോബിനെയും വേറിട്ടു കൊണ്ടുപോയി പ്രാർത്ഥിച്ചു. കർത്താവിന്റെ ക്രൂശിന്റെ അടുക്കൽ യോഹന്നാൻ നില്ക്കുന്നതു കണ്ട് തന്റെ പ്രിയ മാതാവിനെ യോഹന്നാനെ ചുമതലപ്പെടുത്തുന്നു. (യോഹ. 19:26). (യോഹ. 19:26) ഉയിർപ്പിൻ ദിവസം രാവിലെ യോഹന്നാനും കർത്താവിന്റെ കല്ലറയ്ക്കൽ പോയിരുന്നു. (യോഹ. 29:2) ഉയിർപ്പിനുശേഷം പത്രോസിനോടൊന്നിച്ച് വീണ്ടും മീൻ പിടിക്കാൻ പോയ ശിഷ്യന്മാരുടെ കൂട്ടത്തിൽ യോഹന്നാനും ഉണ്ടായിരുന്നു.

**യോഹന്നാൻ പെന്തെക്കോസ്തിനുശേഷം**

കർത്താവിന്റെ അപ്പൊസ്തലന്മാർക്കും തന്റെ മാതാവുൾപ്പെടെയുള്ള മറ്റു വിശുദ്ധന്മാർക്കും പരിശുദ്ധാത്മ നിറവ് അത്യാവശ്യമായിരുന്നതിനാൽ അവർ മർക്കോസിന്റെ മാളിക മുറിയിൽ കർത്താവിന്റെ നിയോഗമനുസരിച്ച് പരിശുദ്ധാത്മാവിനായി കാത്തിരുന്നു. അവർ കർത്താവിന്റെ മരണത്തിന്റെ 50–ാം ദിവസം (പെന്തക്കോസ്ത് നാളിൽ) ആത്മപൂർണ്ണരായി അന്യഭാഷയിൽ സംസാരിച്ചു. അക്കൂട്ടത്തിൽ യോഹന്നാൻ അപ്പൊസ്തൊലനും ഉണ്ടാ

of them were engaged in different jobs in the early days. Thus one day they put net for a whole night. But they couldn't get any single fish and were washing the nets in the morning. Jesus came to them and preached to the multitudes, from the boat of Peter, and then asked them to cast net to the deep. They got a big catch of fish. Peter's friends John and James were surprised at this. They left their boats and nets and followed Jesus (Luke 5:10). Johnwas also there when Jesus healed Peter's mother-in-law (Mark 1:29). John was also a witness when Jesus brought backJairus' daughter to life (Mark 5:37).Jesus also took John to the mountain where he transfigured (Mat 17:1). In the last supper, John was leaning on Jesus' chest. In the garden of Gethsemane, He took Peter, John and James to pray with him, apart from the other disciples. While on the cross, Jesus seeing John standing near,committed His mother into the hands of John (John 19:26). On the day of resurrection,John also went to the tomb (John 29:2). After the resurrection, John had also gone fishing with Peter and certain of the other disciples.

**John- After the Pentecost:**

**As a**ll the disciples of Jesus, along with His mother and others were in need of the infilling of the Holy Spirit, they were gathered in the upper room of the house of Mark, to receive the Holy Spirit, as Jesus commanded. They were filled with HolySpirit on the 50th day (Pentecost day) of the crucifixion of Christ and all spoke

യിരുന്നു (അ.പ്ര. 1:13) ഈ അനുഭവത്തിന്റെ തുടർച്ച അപ്പൊസ്തൊലിക കാലത്തും അനന്തരം സഭാകാലത്തും ഉണ്ടായിരുന്നു. കർത്താവിന്റെ രണ്ടാം വരവുവരെയും ഉണ്ടായിരുന്നു. പരിശുദ്ധാത്മ നിറവിനു ശേഷം യോഹന്നാനും ദൈവത്തിന്റെ ദിവ്യ ശക്തികളുടെ ഉറവിടമായിരുന്നു എന്നു കാണുവാൻ കഴിയും. ഒരിക്കൽ പത്രോസും യോഹന്നാനും ദേവലായത്തിലേക്കു കടക്കുമ്പോൾ സുന്ദരം എന്ന വാതിൽക്കൽ ഇരുന്ന, പിറവിയിലെ മുടന്തനെ യേശുവിന്റെ നാമത്തിൽ സൗഖ്യമാക്കുന്നതു കാണുവാൻ സാധിക്കും (അ.പ്ര. 3:1) അനന്തരം പത്രോസിനെയും യോഹന്നാനെയും മഹാപുരോഹിതന്മാരും കൂട്ടരും തടവിലാക്കുന്നു. പിന്നീട് തർജ്ജനം ചെയ്യുകയും മറ്റൊരിക്കൽ അടിപ്പിച്ച് വിട്ടയക്കുകയും ചെയ്തു. ശമര്യർ മാനസാന്തരപ്പെട്ടു എന്നു യെരുശലേമിലെ സഭ അറിഞ്ഞപ്പോൾ അപ്പോസ്തലന്മാർ അങ്ങോട്ട് പത്രോസിനെയും യോഹന്നാനെയും അയച്ചു. അവർ ചെന്നു പരിശുദ്ധാത്മ നിറവിനായി അവർക്കു വേണ്ടി പ്രാർത്ഥിച്ചു. അവർ ആത്മാവിൽ ഉടൻ തന്നെ നിറഞ്ഞു. (അ.പ്ര. 8:14) (അവർ മാനസാന്തരപ്പട്ടവരും സ്നാനപ്പെട്ടവരും ആയിരുന്നു. എങ്കിലും പരിശുദ്ധാത്മാവിൽ നിറഞ്ഞിരുന്നില്ല. അപ്പോസ്തലന്മാർ ചെന്നു പ്രാർത്ഥിച്ചു. അതിനു ശേഷമായിരുന്നു ആത്മാവിൽ നിറഞ്ഞത്. അതിനാൽ മാനസാന്തരം – സ്നാനം ഇവയ്ക്കെല്ലാം പരിശുദ്ധാത്മ സഹായം ഉണ്ടെങ്കിലും പരിശുദ്ധാത്മാവ് എന്നു പറയുന്നത് മാനസാന്തരമോ സ്നാനമോ അല്ല എന്നും എല്ലാ മാനസാന്തരപ്പെട്ടവരും സ്നാനപ്പെടണമെന്നും, പരിശുദ്ധാത്മ നിറവിനായി പ്രാർത്ഥിച്ച് ദൈവത്തിൽ നിന്ന് അതു പ്രാപിക്കണമെന്നും അതിൽ നിന്നും അറിഞ്ഞിരിക്കേണ്ടതാണ്). യോഹന്നാനെ സഭയുടെ തൂണായി മറ്റ് അപ്പൊസ്തൊലന്മാരോടൊപ്പം സഭ എണ്ണിയിരുന്നു. (ഗലാ. 2:9)

**യോഹന്നാന്റെ ജീവിത സായാഹ്നം**

യോഹന്നാൻ എ.ഡി. 64 വരെ യെരുശലേമിൽ താമസിച്ച് സഭയിൽ ശുഷ്കാന്തിയോടെ വേല ചെയ്തു പോന്നു. പൗലോസിന്റെ മാനസാന്തര ശേഷം രണ്ടാം പ്രാവശ്യം യരുശലേം സന്ദർശിച്ചപ്പോൾ യോഹന്നാനും അവിടെയുണ്ടായിരുന്നു. അ.പ്ര. 15:6. പൗലോസിന്റെ രക്തസാക്ഷി മരണത്തിനു ശേഷം ഏഷ്യ മൈനിറിന്റെ സമീപ സഭകൾ

in tongues. John was also one among them (Acts 1:13). This experience of the infilling of the Holy Spirit, is seen even after the time of the apostles and will continue till Jesus' second coming. We can see that John was filled with power and might, after receiving the Holy Spirit. One day, Peter and John went to the temple and met a man lame from his mother's womb, at the gate called Beautiful. They healed him in Jesus' name (Acts 3:1). Peter and John were imprisoned by the High Priest for this and they were strictly forbidden from speaking in Jesus' name. On another occasion, they were beaten for speaking in Jesus' name. when the church in Jerusalem learned that some Samaritans were saved, they sent Peter and John there. They went there and prayed for them and all were filled with the Holy Spirit (Acts 8:14). (All of them were saved and baptized. But they were not filled with the Holy Spirit. The apostles prayed for them and they were filled with the Holy Spirit. Therefore, it is clear that though we need the help of the Holy Spirit for repentance and taking baptism, the baptism in the Holy Spirit is something different. Those who have repented and baptized should pray to God and receive the baptism of the Holy Spirit). John is considered as a pillar of the church, along with others (Gal. 2:9).

**John's last days:**

Till AD 64, John ministered zealously in the church at Jerusalem. After his

സന്ദർശിച്ചു വേല ചെയ്തു. എഫസൊസ് തന്റെ പ്രവർത്തന കേന്ദ്രമായിരുന്നു. വിഗ്രഹാരാധനക്കെതിരെ പ്രസംഗിച്ചു. പലർ മാനസാന്തരപ്പെട്ടു. തൻനിമിത്തം വിശ്വാസികൾക്ക് പല പീഡനങ്ങളുമുണ്ടായി. ചിലരെ കൊന്നു. യോഹന്നാനെപ്പിടിച്ച് തിളച്ച വെള്ളത്തിലിട്ടു. യാതൊരാപത്തും ഭവിക്കാഞ്ഞതിനാൽ എഫെസൊസിൽ നിന്നും 50 മൈൽ പടിഞ്ഞാറുള്ള ഈജിപ്ത്യൻ കചലിലെ പത്മോസ് എന്ന പാറക്കെട്ടുകൾ കൊണ്ടു നിറഞ്ഞ ദ്വീപിലേക്ക് നാട് കടത്തി. അവിടെ ഒരു കർത്തൃ ദിവസത്തിൽ അദ്ദേഹത്തിന് ആത്മവിവശതയുണ്ടായി ദിവ്യ ദർശനങ്ങൾ കണ്ടു. ഇത് പുസ്തക രൂപത്തിലാക്കിയതാണ് വെളിപ്പാടു പുസ്തകം. നീറോ ചക്രവർത്തി മരിച്ചതോടെ ക്രിസ്ത്യാനികൾക്ക് തൽക്കാലം ഒരാശ്വാസമുണ്ടായി. നാടുകടത്തപ്പെട്ട അപ്പോസ്തലനായ യോഹന്നാനെ തിരികെ വിളിച്ചു. അങ്ങനെ യോഹന്നാൻ വീണ്ടും എഫെസൊസിൽ എത്തി. അനന്തരം ചിറ്റാസ്യയിലെ (ഏഷ്യാമൈനർ) സഭകളിൽ ശുഷ്കാന്തിയോടെ വേല ചെയ്തു. അന്നുള്ള തന്റെ ശിഷ്യന്മാർ അഗ്രഗണ്യരും ക്രൈസ്തവ സഭയുടെ സംഘാടക പ്രവർത്തകരുമായിരുന്നു. പോലിക്കാർപ്പ്, ഇഗ്നാത്യോസ്, വേപ്പിയസ് ഇവർ സുവിദിതരാണ്.

യോഹന്നാൻ വളരെ വൃദ്ധനായി സഞ്ചരിക്കുവാൻ നിവർത്തിയില്ലാതാകും വരെ സഞ്ചരിച്ച് ഉത്സാഹമായി വേല ചെയ്തു. പ്രായാധിക്യത്തിൽ നടക്കാൻ വയ്യാത്തപ്പോഴും തന്നെ കസേരയിൽ എടുത്ത് സഭകളിൽ കൊണ്ടുപോയിരുന്നു. തന്റെ ക്ഷീണാധിക്യത്താൽ കുഞ്ഞുങ്ങളെ നിങ്ങൾ തമ്മിൽ സ്നേഹിപ്പിൻ എന്ന് ഒരു വാക്യം മാത്രം പറഞ്ഞ് പ്രസംഗം അവസാനിപ്പിച്ചിരുന്നതായി അറിയുന്നു.

യോഹന്നാൻ സ്നേഹത്തിന്റെ അപ്പൊസ്തൊലനായിരുന്നു എന്ന് തന്റെ എഴുത്തുകളിൽ നിന്നും വ്യക്തമാകുന്നതാണ്. യെരുശലേം നാശത്തിനു മുമ്പ് മറ്റ് അപ്പോസ്തലന്മാർ എല്ലാം തന്നെ നിര്യാതരായപ്പോൾ അതിനു ശേഷവും ദീർഘനാൾ ജീവിച്ചിരുന്ന് സ്വാഭാവിക മരണമാസ്വദിപ്പാൻ യോഹന്നാന് സാധിച്ചു. ഏകദേശം 100 വയസുവരെ താൻ ജീവിച്ചിരുന്നു. എഫെസൊസിൽ വച്ച് താൻ നിര്യാതനായി എന്നും അവിടെ സംസ്കരിച്ചു എന്നും പറയപ്പെടുന്നു.

conversion, when Paul visited Jerusalem the second time, we find John also there (Acts 15:6). After the martyrdom of Paul, John visited the churches of Asia Minor and strengthened them. He made Ephesus his center of work. He preached against idol worship and many repented. But this led to oppositions and affliction for the believers. Some were even killed. It is believed that John was cast in boiling oil, but since he escaped unharmed, he was exiled to the island of Patmos, which is 50 miles west of Ephesus in the Aegean Sea. On the day of the Lord, John was filled by the Holy Spirit and received visions which are written in the book of revelation. After the death of Emperor Domitian, the Christians got a sigh of relief. The apostle John was brought back from exile and returned to Ephesus. Later he worked zealously in various churches of the Asia Minor. His disciples like Polycarp and Ignatius, all became famous in the Lord.

In his old age, he could not travel.But he still worked zealously for the Lord. When he couldn't walk, he was carried to church on a chair. It is said that he preached a sermon in one sentence, "Dear children, love each other".

John was the apostle of Love. Lovewas the major theme of his epistles. All the other apostles died before the destruction of Jerusalem, but John lived even after that and died a natural death. He lived for about 100 years. It is believed that he died in Ephesus and was buried there.



**യോഹന്നാൻ ഒരു ഗ്രന്ഥകാരൻ**

യേശുവിന്റെ സ്നാനം മുതലുള്ള സംഭവങ്ങളുടെയെല്ലാം ദൃക്സാക്ഷിയായ യോഹന്നാന് യേശുവിന്റെ വായ്മൊഴികൾ ഹൃദയഹാരിയായ തരത്തിൽ തന്റെ സുവിശേഷത്തിൽ ചിത്രീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. യേശുവിനെ ദൈവപുത്രൻ എന്ന നിലയിൽ താൻ സുവിശേഷത്തിൽ വരച്ചു കാട്ടുന്നു. അതുപോലെ തന്റെ ലേഖനങ്ങളിൽ വിശ്വാസം, സ്നേഹം, പ്രത്യാശ എന്നീ വിഷയങ്ങൾ വിശദമായി കൈകാര്യം ചെയ്തിരിക്കുന്നു. പുതിയനിയമത്തിലെ അനുപമമായ പ്രവചന ഗ്രന്ഥമാണ് വെളിപ്പാടു പുസ്തകം. അങ്ങനെ വിലപ്പെട്ട 5 ഗ്രന്ഥങ്ങൾ യോഹന്നാൻ അപ്പോസ്തലനാൽ നമുക്കു ലഭിച്ചിട്ടുണ്ട്.

1. യോഹന്നാൻ എഴുതിയ സുവിശേഷം
2. യോഹന്നാൻ എഴുതിയ ഒന്നാം ലേഖനം
3. യോഹന്നാൻ എഴുതിയ രണ്ടാം ലേഖനം
4. യോഹന്നാൻ എഴുതിയ മൂന്നാം ലേഖനം
5. യോഹന്നാനുണ്ടായ വെളിപ്പാട് - യേശുവിനുണ്ടായ വെളിപ്പാട് യോഹന്നാനെ യേശു പ്രദർശിപ്പിച്ചതാണ് എന്ന് മനസ്സിലാക്കണം.

**John- The Writer:**

John, who was a witness of Jesus's ministry, wrote the words of Jesus in his gospel, in a very touching manner. He deals mainly with love, faith and hope in his epistles. The only prophetic book in the New Testament, Revelation, was also his contribution. Thus he wrote 5 books,

I. The gospel of John

II. The first epistle of John

III. The second epistle of John

IV. The third epistle of John

V. The Revelation- the revelation that Jesus revealed to John,the apostle.